ബാക്കി 30% പേരെ അർഹതയുള്ള അപേക്ഷകരിൽനിന്നുമാണ് തെരഞ്ഞെടുക്കുന്നത്. 10-2-2003-ലെ സർക്കാർ ഉത്തരവ് നമ്പർ 122/03/പജ.പവ.വിവ. പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ബ്ലോക്കിലെ ബന്ധപ്പെട്ട എം. എൽ. എ.-മാർ, ഗവൺമെന്റ് നോമിനേറ്റ് ചെയ്തിട്ടുള്ള അനൗദ്യോഗിക അംഗങ്ങൾ, സംസ്ഥാന പട്ടികജാതി ഉപദേശക സമിതിയിലെ അംഗങ്ങൾ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയാണ്. ഈ കമ്മിറ്റിയുടെ കൺവീനർ ജില്ലാ പട്ടിക ജാതി വികസന ആഫീസർ ആണ്.

(ഇ) പട്ടിക വർഗ്ഗ വികസന വകുപ്പ് 2001-2002 വർഷം 659 വീടുകൾ അനുവദിച്ചു. 2001-2002 വർഷം പഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് 40 കോടി രൂപ തിരിച്ചെടുത്തു. വകുപ്പ് മുഖേന ചെലവഴിച്ചതിന്റെ ഭാഗമായി 2002-2003 വർഷം 3110 വീടുകൾ നിർമ്മിക്കുന്നതിനുള്ള ധനസഹായം നൽകിയിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പുമുഖാന്തിരം ഭവന നിർമ്മാണ പദ്ധതിയിലേക്ക് തെരഞ്ഞെടുത്തവരുടെ വിവരം ശേഖരിച്ചുവരുന്നു.

(എഫ്) ഈ പദ്ധതിക്കായി കേന്ദ്രത്തിൽനിന്നും സഹായമൊന്നും ലഭിച്ചിട്ടില്ല.

സർക്കാർ പ്രസ്സുകളിലെ രണ്ടാംഗ്രേഡ് ബൈന്റർ നിയമനം

126 [5453] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക- പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ പ്രസ്സുകളിൽ ഏതിലെങ്കിലും രണ്ടാംഗ്രേഡ് ബൈന്റർ തസ്തികയിലേക്ക് പി. എസ്. സി. ലിസ്റ്റിൽ നിന്നും നിയമനം നടത്തിയിരുന്നുവോ;

(ബി) സംസ്ഥാനത്താകെ രണ്ടാംഗ്രേഡ് ബൈന്റർമാരുടെ എത്ര ഒഴിവുകളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ഈ ഒഴിവുകളിലേക്ക് പി. എസ്. സി. ലിസ്റ്റിൽനിന്നും നിയമിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) നടത്തിയിരുന്നു.

(ബി) സംസ്ഥാനത്ത് രണ്ടാംഗ്രേഡ് ബൈന്റർമാരുടെ 37 ഒഴിവുകളുണ്ട്.

(സി) പുനർവിന്യാസം വഴിയും പി. എസ്. സി. മുഖേനയുമായി പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly